## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1135 06.02.2020-ൽ മറുപടിയ്ക്ക്

### കരമന വെള്ളറട റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ആർ.ഐ.സി.കെ. (RICK) വഴി നടപ്പിലാക്കുന്ന കരമന വെള്ളറട റോഡ് നിർമ്മാണ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ റീച്ചിന്റെയും നിലവിലെ സ്ഥിതിയും തുടർ നടപടികളും പ്രത്യേകം ലഭ്യമാക്കാമോ? | (എ) സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കരമന – വെള്ളറട റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് 15.02.2016 ലെ സ.ഉ(സാധാ) നം. 355/2016/പൊ.മ.വ. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 5054-04-337-80-NV എന്ന ബഡ്ജറ്റ് ഹെഡിൽ നിന്ന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>6/6/2019 ന് എം.എൽ.എ. ക്വാർട്ടേഴ്സിലെ കോൺഫറൻസ് ഹാളിൽ ശ്രീ.ഐ.ബി.സതീഷ് എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം, പ്രവൃത്തിയുടെ നടപ്പ ത്വരതപ്പെടുത്തുന്നതിനുവേണ്ടി, രണ്ടു phase ആയി ചെയ്യുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 0 മുതൽ 20 കിലോമീറ്റർ phase 1ആയും 20-35.50 phase II ആയും ചെയ്യുവാൻ നിർദ്ദേശിച്ചു.<br>6(1)നോട്ടിഫിക്കേഷൻ പ്രകാരം അതിർത്തികല്ലുകൾ 0 കി.മീ. മുതൽ 35.50 കി.മീ. വരെ സ്ഥാപിച്ചിട്ടുണ്ട്. ആദ്യത്തെ 20 കി.മീ. 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 0 കി.മീ. മുതൽ 5.50 കി.മീ. വരെയുള്ള സാമൂഹിക ആഘാത പഠനത്തിന് ശേഷമുള്ള എക്സ്പേർട്ട് കമ്മിറ്റിയുടെ സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. 5.50 കി.മീ. മുതൽ 20 കി.മീ. വരെ സാമൂഹിക ആഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. 20 കി.മീ. മുതൽ 35.50 കി.മീ. വരെ 4 (1) |

നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിഭാഗം കരമന – വെള്ളറട റോഡിന്റെ എസ്റ്റിമേറ്റ് തുക 225.3 കോടി ചെലവ് വരുന്ന ഡി.പി.ആർ തയ്യാറാക്കിയത് റിക്ക് സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിച്ചത് പരിശോധിച്ചു വരുന്നു.

ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്കുള്ള ഭരണാനുമതി, സാങ്കേതിക അനുമതി. ധനകാര്യ അനുമതി എന്നിവ ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനാകും.

ഓരോ റീച്ചിന്റെയും നിലവിലെ സ്ഥിതിയും തുടർ നടപടികളും ചുവടെ ചേർക്കും പ്രകാരമാണ്.

<u>കരമന – വെള്ളറട റോഡ്</u>

| റീച്ച് | നിലവിലെ സ്ഥിതി | തുടർ നടപടികൾ |
|---|---|---|
| 0 കി.മീ. മുതൽ 5.50 കി .മീ.വരെ | സാമൂഹ്യ ആഘാത പഠനത്തിന് ശേഷമുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ സംയുക്ത സ്ഥലപരിശോധന പൂർത്തികരിച്ചിട്ടുണ്ട്. | 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. |
| 5.50 കി.മീ. മുതൽ 20 കി.മീ. വരെ | 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യആഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. | 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. |
| 20 കി.മീ. മുതൽ 35.50 കി.മീ. വരെ | റവന്യൂ വകുപ്പുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചു | 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യആഘാത പഠനം നടത്തേണ്ടതുണ്ട്. 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ